**556**

വിശ്വാസ ജീവിതപ്പടകിൽ ഞാൻ
സീയോൻ നഗരിയിൽ പോകുന്നു ഞാൻ
വിശ്വാസനായകനേശുവെ നോക്കി
വിശ്രമദേശത്തു പോകുന്നു ഞാൻ-

1 അലകൾ പടകിൽ അടിച്ചെന്നാൽ അല്ലലൊരൽപ്പവുമില്ലെനിക്ക്
ആഴിയുമൂഴിയും നിർമ്മിച്ച നാഥൻ അഭയമായെന്നരികിലുണ്ട്-

2 നാനാ പരീക്ഷകൾ വേദനകൾ നന്നായെനിക്കിന്നുായിടിലും
നാഥനെയുള്ളത്തിൽ ധ്യാനിച്ചു എൻക്ഷീണം മറന്നങ്ങു പോകുന്നു ഞാൻ

3 മരണനിഴലിൻ താഴ്വരയിൽ ശരണമായെനിക്കേശുവുണ്ട്
കരളലിഞ്ഞു എൻകൈകൾ പിടിച്ചു കരുതി നടത്തുമെന്നന്ത്യം വരെ-

4 വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നു ചേരും കണ്ണുനീരൊക്കെയുമന്നു തീരും
എണ്ണിയാൽ തീരാത്ത തൻ കൃപകൾ
വർണ്ണിച്ചു പാദത്തിൽ വീണിടും ഞാൻ

**G.P.**